(ബി) എങ്കിൽ എന്ത നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) മറ്റ് ജില്ലകളിലെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കൃത്യമായി ലഭിക്കുമ്പോൾ കാസർഗോഡ് ജില്ലയിൽ മാത്രം മുടങ്ങുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിലവിൽ സ്റ്റൈപന്റ് എത്രയെന്നും,ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തികവർഷം കാഞ്ഞങ്ങാട് ഗവൺമെന്റ് നേഴ്സിംഗ് സ്കൂളിന് സ്റ്റൈപന്റ് ഇനത്തിൽ 1,50,000 രൂപ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം അനുവദിക്കുകയുണ്ടായി.

(സി) ആരോഗ്യവകുപ്പിന്റെ കീഴിൽ പതിനാല് ജില്ലകളിലായി പതിനാറ് നഴ്സിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിനായി രണ്ട് ശീർഷകത്തിൽ (2210-05-105-89-NP) (2210-05-105-74-NP) സ്കോളർഷിപ്പ് ആന്റ് സ്റ്റൈപന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക വളരെ കുറവാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലഭ്യമായ തുക അനുവദിക്കുന്നു.

(ഡി) നിലവിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 700 രൂപയും ബോണ്ട് പീരിയഡിൽ പ്രതിമാസം 2000 രൂപയും നൽകിവരുന്നു. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ആയുർവ്വേദ പഠന മേഖലയിലെ ഗവേഷണ കേന്ദ്രങ്ങൾ

49 (2323) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ പഠന മേഖലയിൽ എത്ര ഗവേഷണ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത് ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ ഗവേഷണ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം സർക്കാർ ആയുർവ്വേദ കോളേജിൽ ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഡ്രഗ്സ് സ്റ്റാന്റേർഡൈസേഷൻ യൂണിറ്റ് എന്നീ ഗവേഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എയ്ഡഡ് മേഖലയിൽ കോട്ടയ്ക്കലിൽ ആയുർവ്വേദ പഠനഗവേഷണ സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച ശിപാർശ പരിഗണനയിലില്ല.

ഡയാലിസിസ് സൗകര്യം

50 (2324) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യമുണ്ടെന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇടുക്കി ജില്ലയിൽ പ്രസ്തുത സൗകര്യമുള്ള സർക്കാർ ആശുപത്രികൾ ഉണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) താലൂക്ക് ആശുപത്രി പുനലൂർ, തൊടുപുഴ, ഒറ്റപ്പാലം, വടകര, താമരശ്ശേരി സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതിവകുപ്പ് തീയതി 5-2-2013 പ്രകാരം, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ചുവടെ ചേർത്തിരിക്കുന്ന 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ടുപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly